# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ.1752

16/02/2016-ന് മറുപടിക്ക്

## സർക്കാർ ഉദ്യോഗസ്ഥർക്ക് അക്കാദമിക് കോഴ്സുകളിൽ ചേർന്ന് പഠനം

**ചോദ്യം**
ശ്രീ.സാജു പോൾ

**ഉത്തരം**
ശ്രീ.ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സർക്കാർ ഉദ്യോഗസ്ഥർക്ക് അക്കാദമിക് കോഴ്സുകളിൽ ചേർന്ന് പഠനം നടത്തുന്നതിന് തടസ്സങ്ങളുണ്ടോയെന്ന് അറിയിക്കുമോ ; | (എ) യും (ബി) യും (സി) യും (ഡി) യും | സർക്കാർ ഉദ്യോഗസ്ഥർക്ക് അക്കാദമിക്ക് കോഴ്സുകളിൽ ചേർന്ന് പഠനം നടത്തുന്നതിന് മാത്രമായി ഒരു പൊതു ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടില്ല. ഈവനിംഗ് ക്ലാസ്സുകളിൽ പാർട്ട് ടൈം മായി കോഴ്സ് ചെയ്യുന്നവരുടെ സ്ഥലംമാറ്റം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച 1.12.1965 ലെ GO(MS)No.705/65/PD, 27/1/1967 ലെ സർക്കുലർ നമ്പർ 3/67/PD, 30.04.1970 ലെ 1/70/PD, 25/4/1973 ലെ GO(MS)No.113/73/PD എന്നീ ഉത്തരവുകളിൽ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിന് ഭംഗം വരാത്ത രീതിയിൽ ഓഫീസ് പ്രവർത്തി സമയം കഴിഞ്ഞ് മുൻകൂർ അനുമതിയോടെ പാർട്ട്-ടൈം അക്കാഡമിക് കോഴ്സുകളിൽ ചേർന്ന് പഠിക്കുന്നതിന് സർക്കാർ ഉദ്യോഗസ്ഥർക്ക് അനുവാദമുണ്ട്. നിയമനാധികാരിയാണ് അത്തരം പഠനത്തിന് അനുമതി നൽകേണ്ടത്. ഉദ്യോഗസ്ഥരുടെ അക്കാഡമിക് താല്പര്യങ്ങൾ സംരക്ഷിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് പാർട്ട്-ടൈം പഠനത്തിലേർപ്പെട്ടിരിക്കുന്നവരുടെ ട്രാൻസ്ഫർ സംബന്ധമായി സർക്കാർ മേൽ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളത്. |
| (ബി) | പഠനം നടത്തുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി തേടേണ്ടതുണ്ടോയെന്ന് വ്യക്തമാക്കുമോ; | | |
| (സി) | ഇത്തരം അക്കാദമിക താൽപ്പര്യങ്ങൾ സർക്കാർ പ്രോത്സാഹിപ്പിക്കുമോയെന്ന് അറിയിക്കുമോ; | | |
| (ഡി) | ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ ഉണ്ടോ; എങ്കിൽ, വിശദമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ